THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ(FIB FARM NEWS): 19-08-2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പൈനാപ്പിൾകൃഷി, ടിഷ്യൂകൾച്ചർവാഴ, പപ്പായകൃഷി, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ, കുടംപുളി, ഞാവൽ, ഹൈബ്രിഡ് പച്ചക്കറികൃഷി, കശുമാവ് എന്നിവയ്ക്കും പുൽവെട്ടിയന്ത്രം, മാനുവൽസ്പ്രേയർ, പ്രൈമറി മിനിമൽ പ്രോസസ്സിംഗ്യൂണിറ്റ്, റൈപ്പനിംഗ് ചേമ്പർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് തുടങ്ങിയവയ്ക്കും സബ്സിഡി ലഭ്യമാണ്. തൃശൂർജില്ലയിലെ കർഷകർ ഈ മാസം 26-ാം തീയതിക്കു മുമ്പയി അതാത് ബ്ലോക്കിലെ കൃഷിഭവനുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

2. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കെപ്കോയിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോമത്സരം 2021 അമച്ചർവിഭാഗം, ഡിജിറ്റൽവീഡിയോമത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫിമത്സരം, കാർഷികലേഖന രചനാ മത്സരം, കാർഷിക ചെറുകഥരചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽഹാർഡ്ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷികവികസന കർഷകക്ഷേമവകുപ്പ് അനുബന്ധസ്ഥാപനങ്ങൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ ഓണസമൃദ്ധി പഴം-പച്ചക്കറി വിപണികൾ നാളെ (ആഗസ്റ്റ് 20)വരെഉണ്ടായിരിക്കും.

5. **ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധമായ പാൽ ഉറപ്പാക്കുക** എന്ന ലക്ഷ്യത്തോടെ കോട്ടയം ക്ഷീരവികസന വകുപ്പിന്റെ ഓണക്കാലഊർജ്ജിത പാൽ പരിശോധനാ സംവിധാനവും ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ജില്ലാ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. ഈ മാസം 20 വരെ പാൽ പരിശോധന സംവിധാനം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരവികസന വകുപ്പ് ക്വാളിറ്റികൺട്രോൾ ഓഫീസുമായോ **0481-2303514** എന്ന നമ്പരിലോ ബന്ധപ്പെടുക.

6. കേരളകാർഷികസർവ്വകലാശാലയുടെകീഴിലുള്ളഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന ''ശീതകാല പച്ചക്കറികൃഷി''എന്നവിഷയത്തിൽ ഈ മാസം 23-ന് ആരംഭിക്കുന്നമാസ്സീവ് ഓപ്പൺ ഓൺലൈൻകോഴ്സ് (MOOC)ചെയ്യാൻ താല്പര്യമുള്ളവർഈ മാസം 22 നകം പേര് രജിസ്റ്റർചെയ്യേണ്ടതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ഈ മാസം 23 മുതൽ'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക്ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

## പരിശീലന പരിപാടികൾ

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 19-ന്) രാവിലെ 11 മണിക്ക് **സുഗന്ധവിളകളിൽ സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗവും സംരംഭക സാധ്യതകളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽഈ മാസം 24-ന് താറാവുവളർത്തൽ അറിയേണ്ടതെല്ലാം, 25-ന് ഏലം, ഗ്രാമ്പു -സുഗന്ധവിളകളുടെ ശാസ്ത്രീയ പരിപാലനം, 26-ന് നായ്ക്കളുടെ പ്രജനന പരിപാലനവും നായ്ക്കുട്ടികളുടെ പരിചരണവും, 27-ന് പാഷൻ ഫ്രൂട്ടിന്റെവിള പരിപാലനം എന്നീവിഷയങ്ങളിൽ ഓൺലൈൻ പരിശീലനംനടത്തുന്നു.https://www.facebook.com/SametiKeralaExtensionChannel/live/എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

9. **ആലുവമൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 25-ന് പശുക്കളിലെവന്ധ്യത - കാരണങ്ങളും പ്രതിവിധിയും, 27-ന് ടർക്കിവളർത്തൽ** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

10. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ആഗസ്റ്റ് 24,25 തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127**എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം